ശ്രീ. ഈ. പി. പൗലോസ് ; പന്ത്രണ്ട് (12) കേസുകളെസംബന്ധിച്ച് ഇപ്പോഴും തിരുവനന്തപുരം സിറ്റിയിൽ പ്രോസിക്യൂഷൻ നിലവിലുള്ളതായി അറിവുണ്ട്.മറ്റുള്ള ഡിസ്ട്രിക്റ്റുകളിൽ എത്ര കേസുകളും ഉണ്ടെന്നുള്ളതിന്റെ ഡീറ്റെയിൽസ് കിട്ടിയിട്ടില്ല. ഇത്തരം കേസുകളും റവന്യു അധികാരികളാണ് അന്വേഷിക്കുന്നത്.

ശ്രീ. ഈ. പി. ഗോപാലൻ : 300–ലധികം തൊഴിലാളികളുള്ള ഫാക്ടറികൾക്ക് ന്യായവിലഷാപ്പുകൾ കൊടുക്കണമെന്നും ഇൻഡ്യഗവണ്മെന്റിന്റെ നിർദ്ദേശമുണ്ടെന്നും പറഞ്ഞു. അതനുസരിച്ച് 300–ലധികം തൊഴിലാളികളുള്ള എല്ലാ ഫാക്റ്ററികളിലും ന്യായവിലഷാപ്പുകൾ തുറന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് വൈഷമ്യം ?

ശ്രീ. ഈ. പി. പൗലോസ് : 300–ലധികം തൊഴിലാളികൾ വർക്ക് ചെയ്യുന്ന സ്ഥലത്ത് കോവാപ്പറേറ്റീവ് സ്റ്റോറുകൾ തുറക്കുന്ന കാര്യത്തെപ്പറ്റിയാണ് പറഞ്ഞത്. പ്രത്യേകമായിട്ട് ന്യായവിലഷാപ്പുകൾ തുറക്കുന്ന കാര്യത്തെപ്പറ്റി നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല.

കുട്ടനാട് 'ആർ' ബ്ലോക്ക്

* 292. [6] ശ്രീ. കെ. ഹസൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലുള്ള 'ആർ' ബ്ലോക്കിനു ഗവണ്മെന്റിൽനിന്നും ആകെ ചെലവഴിച്ച സംഖ്യ എത്ര ;

(ബി) ടി സംഖ്യ ചെലവഴിച്ചിട്ട് എത്രകാലമായി ;

(സി) ടി സംഖ്യ കൃഷിക്കാരിൽനിന്നും എന്നുമുതൽ എത്ര ഗഡുക്കളായി ഈടാക്കാനാണ് നിശ്ചയം ;

(ഡി) നാളിതുവരെ എത്ര സംഖ്യ ഈടാക്കിയിട്ടുണ്ട് ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 12.75 ലക്ഷം രൂപ.

(ബി) രണ്ടുകൊല്ലം.

(സി) ഗുണഭോക്താക്കളായ കൃഷിക്കാരിൽനിന്നും പദ്ധതി പൂർത്തിയായതിനുശേഷം 15 വാർഷിക തവണയായി ഈടാക്കുന്നതാണ്.

(ഡി) ഒന്നും ഈടാക്കിയിട്ടില്ല.

ശ്രീ. കെ. ഹസൻഗനി : രണ്ടുകൊല്ലമായിട്ടും അതിൽനിന്നു കിട്ടേണ്ട പ്രൊപ്പോർഷൻ അനുസരിച്ച് ഒന്നും ഈടാക്കിയിട്ടില്ലെന്നാണോ പറയുന്നത് ?

ശ്രീ. ഈ. പി. പൗലോസ് : ഇതു കംപ്ലീറ്റു ചെയ്തിട്ട് ഒരു കൊല്ലമേ ആയിട്ടുള്ളൂ.

ശ്രീ. എൻ. ഭാസ്കരൻ നായർ : 'ആർ' ബ്ലോക്കിൽ ഇരുപ്പു കൃഷിക്കു വേണ്ടിയിട്ട് ഇത്രയും സംഖ്യ ചെലവാക്കിയശേഷം ഇപ്പോഴും ഇരുപ്പു കൃഷിക്ക് പ്രയോജനമില്ലെന്നും, അവിടെ കരിമ്പു കൃഷി ചെയ്യേണ്ടതാണെന്നും കാണിച്ച് വല്ല മൊത്തോറാണ്ടവും കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികളും എടുക്കുന്നതിനു ഗവണ്മെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : മറ്റു കൃഷികളും ചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിച്ചേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീമതി. കെ. ആർ. ഗൗരി : 'ആർ' ബ്ലോക്കിൽ ചെലവാക്കിയിരിക്കുന്ന തുക ഗവണ്മെൻറ് ടെണ്ടർ വിളിച്ച് കുറഞ്ഞ ടെണ്ടർ വിളിച്ച ആളിനെക്കൊണ്ട് ചെലവാക്കിക്കുകയാണോ ചെയ്തത് ; അതോ ഇവിടത്തെ കൃഷിക്കാരെക്കൊണ്ടോണോ പണം ചെലവാക്കിക്കുന്നത് ?

ശ്രീ. ഇ. പി. പൗലോസ് : കോൺട്രാക്ടറുടെ സെറിൽ ചെയ്തതുകൊണ്ടാണെന്ന് പ്രത്യേകമായിട്ട് ചോദിച്ചാലേ പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ഇ. പി. ഗോപാലൻ : ലോൺ കൊടുക്കുമ്പോൾ അതു തിരിച്ചു വാങ്ങാൻ കണ്ടീഷനായിട്ട് അതിൽ വല്ലതും ചേർത്തിട്ടുണ്ടോ ; അല്ലെങ്കിൽ കടം കൊടുത്തതു തിരിച്ചു തരേണ്ട എന്നും എഴുതാത്ത വല്ല ഉറപ്പും കൊടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് ; എഴുതിയിടത്തോളം തിരിച്ചു തരണമെന്നാണ് പറഞ്ഞിട്ടുള്ളതു്. ഒരു കൊല്ലം കഴിയാതെ ഇൗടാക്കാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ : ഇവിടെ കരിമ്പു കൃഷിയോ മറ്റോ ചെയ്യാൻ പറ്റുമോ എന്നുള്ള ആലോചനയുണ്ടെന്നു പറഞ്ഞു. ഇതുയും സംഖ്യ ചെലവുചെയ്തിട്ട് ഇവിടെ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ അടിസ്ഥാനത്തിൽ നെൽകൃഷി രണ്ടു പൂവായിട്ട് വിജയകരമായി നടത്താൻ സാധിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : നെൽകൃഷി വിജയകരമായി നടത്താൻ സാധിച്ചിട്ടുണ്ട്. ആദ്യമായിട്ട് ഇരുപ്പു കൃഷി കായൽ ഏരിയായിൽ ചെയ്തു. പക്ഷേ അവിടെ കരിമ്പു്, തെങ്ങു് ഇവയൊക്കെ കൃഷി ചെയ്യുകയാണെങ്കിൽ ഇതിനെക്കാളും കൂടുതൽ ആദായം കിട്ടാൻ ഇടയുണ്ടെന്നുള്ളതു കൊണ്ട് കൃഷിക്കാർക്കു് ആഗ്രഹമുണ്ടു്. പൊതുവെ നെൽകൃഷി ചെയ്യാനുള്ള സ്ഥലങ്ങളും കൺവർട്ടു ചെയ്യുന്നതുകൊണ്ടു് ബുദ്ധിമുട്ടുണ്ടാവുമെന്നുള്ളതുകൊണ്ടാണു് ആലോചിക്കാതെ പറയാൻ നിവൃത്തിയില്ലെന്നു പറഞ്ഞതു്.

പുതിയതായി വാർഡുകളും നിർമ്മിക്കുന്ന ആശുപത്രികളും.

* 293. [7] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം ഏതെല്ലാം ആശുപത്രികളിലാണു് പുതിയ വാർഡുകളും പണിയാൻ ഉദ്ദേശിക്കുന്നതു് ;

(ബി) കുന്നംകുളം ആശുപത്രിയിൽ ഒരു പുതിയ വാർഡു പണിയുവാൻ നടപടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1964-65 ബഡ്ജറ്റിൽ ഇതിനുവേണ്ടി എന്തു തുക ഉണ്ടെന്നും അറിഞ്ഞതിനുശേഷമേ ഇതു നിശ്ചയിക്കുകയുള്ളൂ.

(ബി) അതിനെപ്പറ്റി പര്യാലോചിക്കുന്നതാണു്.

Mr. Speakor : Question No. 28 may also be answered.

LIBRARY ARCHIVES Kerala Legislative Assembly